# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 15
Issue 6

**June 2026**

Price:Rs.5/-
Pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു” **(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

| Volume 15 | Issue 6 | June 2026 | Pages 24 | Rs.5/ |
| --- | --- | --- | --- | --- |

**Annual Subscription:** Rs.60/-



Editor:

**Dr. Sebastian M.V.** (PhD)

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in



**Book No.**

**174**


## ഉള്ളടക്കം


| | പേജ് |
| --- | --- |
| • ജീവനത്തിന്റെ പ്രതാപം | 3 |
| • വായനക്കാരുടെ അഭിപ്രായങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (28) | 7 |
| • ജോൺ ഹാർപ്പർ | 10 |
| • കുടുംബജീവിതം: പ്രായോഗികചിന്തകൾ(8) | 13 |
| • ഒരുമിച്ച് 50 വർഷങ്ങൾ (Episode 8) | 16 |
| • കൊച്ചുണ്ണിയുടെ ബൈബിൾവായന (31) | 19 |
| • തട്ടും തലോടലും (12) | 21 |
| • കാർട്ടൂൺ (3) | 22 |
| • വനംവകുപ്പിന്റെ പഠനം | 23 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



# എഡിറ്റോറിയൽ

**“നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?” (ഗലാത്യർ 4:16)**

# ജീവനത്തിന്റെ പ്രതാപം

“ജീവനത്തിന്റെ പ്രതാപം... പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു” (1 യോഹന്നാൻ 2:16).

“...the pride of life, is not of the Father, but is of the world” (I John 2:16)

‘vain glory of life’ (ജീവിതത്തിന്റെ വ്യർത്ഥമായ മഹത്വം) എന്നാണ് ഒരു ഇംഗ്ലീഷ്ബൈബിൾ (ASV) തർജ്ജമ ചെയ്തിരിക്കുന്നത്.

ഞാൻ വലിയ ആളാണെന്നു മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്തുകൂട്ടുന്ന കാര്യങ്ങളെയാണ് പൊതുവെ ജീവനത്തിന്റെ പ്രതാപം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൊങ്ങച്ചം, വിനയമില്ലായ്മ, ധൂർത്ത് ഇതെല്ലാം കൂടിച്ചേരുന്നതാണ് ജീവനത്തിന്റെ പ്രതാപം. മറ്റുള്ളവരുടെ പ്രശംസ കിട്ടുക എന്ന ഏകലക്ഷ്യത്തോടെ പെരുമാറുന്നവരെല്ലാം ജീവനത്തിന്റെ പ്രതാപം കാണിക്കുന്നവരാണ്.

**ജീവനത്തിന്റെ പ്രതാപം – ചില മേഖലകൾ**

**1. വസ്ത്രം**

ചിലർ, ദൈവമക്കൾ പോലും, വസ്ത്രങ്ങൾ ധരിക്കുന്നത് മറ്റുള്ളവരുടെ മുമ്പിൽ പൊങ്ങച്ചം കാണിക്കുന്നതിനുവേണ്ടിയാണ്. വസ്ത്രം ധരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

- നാണം മറച്ചുകൊണ്ടുള്ള വസ്ത്രമാകണം (ഉല്പത്തി 3:10, 3:21)
- യോഗ്യമായ വസ്ത്രം ധരിക്കുക (1 തിമൊ.2:9)
- വിശേഷ അവസരത്തിനു ചേർന്ന നിലയിൽ വസ്ത്രം ധരിക്കാം (ഉദാ: കല്യാണവസ്ത്രം – മത്തായി 22:11 )
- ആണാണോ പെണ്ണാണോ എന്നു തിരിച്ചറിയും വിധമുള്ളതായിരിക്കണം നമ്മുടെ വസ്ത്രധാരണം (ആവർത്തനം 22:5)

പലിശയ്ക്ക് കടം വാങ്ങി വിലകൂടിയ വസ്ത്രങ്ങൾ ധരിച്ച് പൊങ്ങച്ചം കാണിച്ച് നടക്കുന്നവരെ കണ്ടിട്ടുണ്ട്. മാത്രമല്ല, നാണം മറയ്ക്കുന്നതല്ല, 'നാണം' തുറന്നു കാണിച്ചു നടക്കുന്നതാണ് ഇപ്പോഴത്തെ പ്രവണത!

**2. ആഭരണം**

ജീവനത്തിന്റെ പ്രതാപം (പൊങ്ങച്ചം) കാണിക്കുന്ന മറ്റൊരു മേഖലയാണിത്. ആഭരണം ധരിക്കുന്നത് എന്തിന് വേണ്ടിയാണ്? ബൈബിൾ അതിന്റെ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്:

- സൗന്ദര്യം വർദ്ധിപ്പിക്കുന്നതിന് (യെഹ. 7:20; 16:14; യിര.4:30)
- മണവാട്ടിക്ക് തന്നെതന്നെ അലങ്കരിക്കുന്നതിന് (യെശ. 61:10)

മിതമായ രീതിയിൽ ആഭരണം ധരിക്കുന്നതിനു പകരം തന്റെ മഹത്വവും പണവും പ്രദർശിപ്പിക്കുന്ന രീതിയിൽ ആഭരണം ധരിച്ച് നടക്കുന്നതിനെ ബൈബിൾ വിമർശിച്ചിരിക്കുന്നു. "ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു" (യെഹ.7:20). ആഭരണങ്ങളുടെ ഭംഗി നല്ല രീതിയിൽ പ്രയോജനപ്പെടുത്താതെ അത് പൊങ്ങച്ചം (ഡംഭം) പ്രദർശിപ്പിക്കുന്നതിനായി ഉപയോഗിച്ചു! ഈ പ്രവണത ജീവനത്തിന്റെ പ്രതാപമാണ്.

**3. വീട്**

വീട് പണിയുമ്പോൾ സുരക്ഷയും സൗകര്യവുമാണ് നാം നോക്കേണ്ടത്. പക്ഷേ, മറ്റുള്ളവരെക്കൊണ്ട് സൂപ്പർ എന്നു പറയിപ്പിക്കണം എന്ന ഏകലക്ഷ്യത്തോടെ വീട് പണിയുന്ന പൊങ്ങച്ചക്കാരുണ്ട്. കൈയിൽ ആവശ്യത്തിന് പണമുണ്ടെങ്കിൽ കൂടുതൽ സൗകര്യപ്രദമായ നിലയിൽ ഭവനം ചമയ്ക്കുന്നതിൽ തെറ്റില്ല.

ആഡംബരം കാണിക്കാനായി, പണം പലിശയ്ക്കെടുത്ത്, 'സൂപ്പർ വീട്' പണിത്, കടക്കെണിയിലായി മന:സമാധാനത്തോടെ ആ വീട്ടിൽ കഴിയാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കിയിട്ട് എന്തു കാര്യം? ഓരോരുത്തരുടെയും ആവശ്യങ്ങളും കയ്യിലെ കാശും കണക്കിലെടുത്തുവേണം വീടുകൾ പണിയേണ്ടത്. ഏഴു വർഷം മുമ്പാണ് എനിക്ക് സ്വന്തമായൊരു വീട് ഉണ്ടായത്. സുരക്ഷയ്ക്കും സൗകര്യത്തിനുമായിരുന്നു മുൻഗണന കൊടുത്തത്. വീട് പണിത് ഞാൻ കടം വരുത്തിയില്ല.

**4. വിവാഹം**

ജീവനത്തിന്റെ പ്രതാപം കാണിക്കുന്ന മറ്റൊരു സന്ദർഭമാണിത്. ആത്മികശുശ്രൂഷകൾക്ക് പ്രാധാന്യമില്ലാതെ, പൊങ്ങച്ചം കാണിക്കുന്നതിനുവേണ്ടി മാത്രമുള്ള ഒരു വേദിയായി കല്യാണാവസരങ്ങൾ അധ:പതിച്ചി

രിക്കുന്നത് വേദനയോടെ നോക്കിക്കാണേണ്ട ഒരു കാര്യമാണ്. കുഞ്ഞാടിന്റെ കല്യാണത്തിന്റെ നിഴലായ കാര്യത്തെ ലോകപ്രകാരമുള്ള 'കളറുകൾ' ചേർത്ത്, കർത്താവിന്റെ മഹത്വത്തിനു പകരം സ്വന്തം മഹത്വം മറ്റുള്ളവരെ കാണിക്കുന്നതിനുള്ള അവസരമായി കണക്കാക്കുന്നവർ, 'ജീവനത്തിന്റെ പ്രതാപം' എന്ന വലിയ തെറ്റാണ് ചെയ്യുന്നത്.

**5. വിദ്യാഭ്യാസം**

ഈയിടെയായി, പൊങ്ങച്ചം കാണിക്കുന്നതിനുള്ള പുതിയ വേദിയായി വിദ്യാഭ്യാസം തരംതാഴ്ത്തപ്പെട്ടിരിക്കുന്നു. തുമ്പിയെ കല്ലെടുപ്പിക്കുന്നതുപോലെയാണ് പല മാതാപിതാക്കളും തങ്ങളുടെ മക്കളെ ദൂരസ്ഥലത്തേക്കും വിദേശത്തേക്കും ഒക്കെ അയച്ചു പഠിപ്പിക്കുന്നത്. ലക്ഷങ്ങളാണ് കടമെടുത്ത് പൊടിച്ചുകൂട്ടുന്നത്. തങ്ങളുടെ കുഞ്ഞുങ്ങളുടെ ആത്മികനിലവാരം വർദ്ധിപ്പിക്കണം എന്നതിനേക്കാൾ അവർ കുറെ കാശുണ്ടാക്കണം എന്ന നിലയിൽ രക്ഷിതാക്കൾ ചിന്തിക്കുന്നത് ധീരതയല്ല, ജീവനത്തിന്റെ പ്രതാപം ആണ്.

**ജീവനത്തിന്റെ പ്രതാപത്തിന്റെ പ്രത്യേകതകൾ**

- ഇത് ദൈവത്തിന്റെ ആഗ്രഹപ്രകാരമുള്ള കാര്യമല്ല, ലോകപ്രകാരമുള്ള കാര്യമാണ് (1 യോഹന്നാൻ 2:16)
- ദൈവത്തെയല്ല, ലോകത്തെയാണ് സ്നേഹിക്കുന്നത് എന്നു വ്യക്തമാക്കുന്ന കാര്യമാണ് (1 യോഹന്നാൻ 2:15)
- ഇത് നശിച്ചുപോകുന്ന (ഒഴിഞ്ഞുപോകുന്ന) കാര്യമാണ് (2:17)

ദൈവഭക്തിയും ജീവനത്തിന്റെ പ്രതാപവും ഒരുമിച്ചു കൊണ്ടു നടക്കാൻ ഒരു വിശ്വാസിക്കു കഴിയില്ല. "ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല" എന്നു ബൈബിൾ വ്യക്തമായി പറയുന്നു (1 യോഹ. 2:15). പൊങ്ങച്ചക്കാർക്ക് ആത്മാർത്ഥതയുള്ള ദൈവമക്കളായി തുടരാൻ കഴിയില്ല. പൊങ്ങച്ചയും ആത്മികതയും ഒരുമിച്ച് ചേർന്നു കൊണ്ടുപോകാൻ കഴിയുന്നവയല്ല.

നെബൂഖദ്നേസർ രാജാവ് പറഞ്ഞു: "ഇത് ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ട് രാജാധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ" (ദാനിയേൽ 4:30). ഈ സംസാരരീതി 'ജീവനത്തിന്റെ പ്രതാപം' ആണ്. 'ഞാൻ', 'എന്റെ' എന്നീ പദങ്ങൾ ഇക്കൂട്ടർ കൂടുതലായി ഉപയോഗിക്കും. ദൈവത്തെ ഉയർത്തുന്നതിനു പകരം സ്വയം ഉയർത്തും. ജീവനത്തിന്റെ പ്രതാപം അകറ്റി ജീവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**(എംവിഎസ്)**




**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

### Sebastian Cheruvathur, Kazargod

ഏപ്രിൽമാസത്തെ മാസിക ലഭിച്ചു. ജെ.സി. ദേവിനെക്കുറിച്ച് എഴുതിയത് മുഴുവൻ ശ്രദ്ധയോടെ വായിച്ചു. അനുഗ്രഹിക്കപ്പെട്ട ഒരു ദൈവദാസനാണ് അദ്ദേഹം. സഭാചരിത്രം, കേരളത്തിൽ ബ്രദറൺസഭ ആരംഭിച്ചത് ഇതെല്ലാം വളരെ കൃത്യവും സത്യസന്ധവുമായി എഴുതിയ ആളാണ് അദ്ദേഹം.

### യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിക്കുന്നു

വിശ്വസിച്ച് സ്നാനപ്പെട്ട് സഭയിൽ കൂടിവരുന്നു. തൃശ്ശൂർ സ്വദേശിനിയാണ്.

Date of Birth: 16-02-2002

Height: 158 cm

Weight: 52 Kg

Education: Deploma in Medical Laboratory Technology

Work: Lab Technician in a hospital, Thrissur

**Contact:**

**93498 46296**

### അഡ്രസ്സുകൾ അയച്ചുതരിക

ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.



28

# ആസ്യയിലെ 7 സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7–13)

*ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാ. നിനക്ക് അല്പമേ ശക്തിയുള്ളൂ എങ്കിലും നീ എന്റെ വചനം കാത്തു. എന്റെ നാമം നിഷേധിച്ചിട്ടില്ല. (3:8)*

**ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു**

നമ്മുടെ പ്രവൃത്തികൾ കൃത്യമായ നിലയിൽ അറിയുന്നവനാണ് നമ്മുടെ കർത്താവ്. ഒന്നും വിശദീകരിച്ചും ന്യായീകരിച്ചും കർത്താവിനെ ബോധ്യപ്പെടുത്തേണ്ട കാര്യമില്ല. പരസ്പരം അറിയുന്നതിൽ വരുന്ന വീഴ്ചകൾ എല്ലാ വ്യക്തിബന്ധങ്ങളിലും തകർച്ച വരുത്തും. നാം ചെയ്യുന്ന പ്രവൃത്തിയുടെ മൂല്യം മനസ്സിലാക്കാത്ത കുറെ പേർ നമുക്കുചുറ്റും ഉണ്ടായിരിക്കാം. നാം ചെയ്തതിന്റെ വില അവർ മനസ്സിലാക്കാതെ പോയല്ലോ എന്നോർത്ത് നാം പരിതപിക്കേണ്ടതില്ല. മനുഷ്യർ അങ്ങനെയാണ്. പക്ഷേ വിശ്വസ്തനായ കർത്താവ് നമുക്കുണ്ട്. നാം ചെയ്യുന്ന പ്രവൃത്തികളെ നാം വിശദീകരിച്ചുകൊടുക്കാതെ തന്നെ വ്യക്തമായി മനസ്സിലാക്കുന്നവൻ!

**നിനക്ക് അല്പമേ ശക്തിയുള്ളൂ എങ്കിലും...**

ഭൗതികമായ ശക്തിയുടെ കാര്യം നോക്കിയാൽ ഫിലദെൽഫ്യാസഭ വളരെ പുറകിലാണ്. അവർ എണ്ണത്തിൽ ചുരുക്കമായിരിക്കാം. അവരുടെ സാമ്പത്തികസ്ഥിതി പരിതാപകരമായിരിക്കാം. താലന്തുകൾ കുറവുകളുള്ളവരായിരിക്കാം. ഔപചാരികവിദ്യാഭ്യാസം ഇല്ലാത്തവരായിരിക്കാം. പക്ഷേ അവരുടെ കൂടെ സർവശക്തനായ കർത്താവുണ്ട്. മറ്റുള്ളവരുടെ നോട്ടത്തിൽ അവർക്ക് ഏതൊക്കെ നിലയിൽ കുറവുകളുണ്ട് എന്നു വന്നാലും, ആ കുറഞ്ഞ അവസ്ഥയിലും അവർ കർത്താവിൽ ചാരി ശക്തി പ്രാപിച്ചു.

### നീ എന്റെ വചനം കാത്തു

ദൈവത്തിന്റെ വചനം നാം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അഥവാ, അത് അനുസരിക്കേണ്ടതുണ്ട്. നമ്മുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടാൽ മാത്രമാണ് ദൈവവചനം അനുസരിക്കാൻ കഴിയുക എന്ന് ചിന്തിക്കരുത്. നമ്മുടെ ആരോഗ്യം മെച്ചപ്പെട്ടാൽ മാത്രമേ ദൈവവചനം അനുസരിക്കാൻ കഴിയുകയുള്ളൂ എന്നുമില്ല. ഏത് രോഗക്കിടക്കയിലും എത്ര സങ്കടത്തിന്റെ മധ്യേയും ദൈവവചനം അനുസരിക്കുന്നവരെയാണ് ദൈവം ഉറ്റുനോക്കുന്നത്. ഫിലദെൽഫ്യയിലെ സഭ ഇക്കാര്യത്തിൽ മാതൃക കാണിച്ചു. അവർക്ക് അല്പമേ ശക്തിയുള്ളൂവെങ്കിലും അവർ ദൈവവചനം അനുസരിക്കുന്നതിൽ പരാജയപ്പെട്ടില്ല. ഏത് ബുദ്ധിമുട്ടിനിടയിലും ദൈവവചനം അവർക്ക് മാധുര്യമേറിയതായിരുന്നു.

### എന്റെ നാമം നിഷേധിച്ചിട്ടില്ല

പ്രശ്നങ്ങൾ വരുമ്പോൾ ദൈവനാമം നിഷേധിച്ച പലരെയും കാണുവാനിടയായിട്ടുണ്ട്. കഷ്ടപ്പാടിന്റെ തീച്ചൂളയിൽ കടന്നുപോയിട്ടും ദൈവനാമം നിഷേധിക്കാത്തവരുമുണ്ട്. ദൈവനാമം നിഷേധിക്കാനുള്ളതല്ല, ഏറ്റുപറയാനുള്ളതാണ്. വലിയവനായ ദൈവം എന്റെ പക്ഷത്തുണ്ട് എന്ന് വിശ്വസിക്കുകയും ആ നാമത്തെ തള്ളിപ്പറയാതിരിക്കുകയും വേണം. ആരോഗ്യപ്രശ്നങ്ങളിലൂടെയും സാമ്പത്തികപ്രശ്നങ്ങളിലൂടെയും കടന്നുപോയിട്ടും ദൈവത്തെ തള്ളിപ്പറയാൻ തയ്യാറാകാതെ, 'എന്റെ ദൈവം വിശ്വസ്തൻ' എന്ന് മറ്റുള്ളവരുടെ മുമ്പാകെ ഏറ്റുപറയാൻ കഴിയുന്നവനാണ് യഥാർത്ഥ വിശ്വാസി. അല്പമേ ശക്തിയുള്ളൂവെങ്കിലും ഫലദെൽഫ്യാസഭ കർത്താവിന്റെ നാമം നിഷേധിച്ചില്ല.

### ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവച്ചിരിക്കുന്നു

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നവനാണ്. സഭയുടെ മുമ്പിൽ ഒരു പുതിയ വാതിൽ കർത്താവ് തുറക്കുന്നു. പ്രിയരേ, നമ്മുടെ മുമ്പിൽ പല വാതിലുകളും അടഞ്ഞ നിലയിലാകാം ഇപ്പോൾ കിടക്കുന്നത്. ഒരു കാലത്ത് നമ്മെ സ്വീകരിച്ചിരുന്ന വീടുകളുടെ വാതിലുകൾ തെറ്റിദ്ധാരണ മൂലമോ മറ്റേതെങ്കിലും കാരണത്താലോ നമ്മുടെ മുമ്പിൽ അടഞ്ഞുപോയി എന്നു വരാം. എത്രയോ വ്യക്തികളുടെ മനസ്സിന്റെ വാതിലുകൾ നമ്മുടെ നേരെ അടഞ്ഞുപോയിരിക്കുന്നു.

കാരണം കൂടാതെയും തെറ്റിദ്ധാരണകൾ മൂലവും അടഞ്ഞുപോയ വാതിലുകളെല്ലാം അടഞ്ഞുതന്നെ ഇരിക്കട്ടെ. നാം ദൈവമുമ്പാകെ വിശ്വസ്തരായാൽ മതി. പുതിയ വാതിലുകൾ ദൈവം നമുക്ക് തുറന്നുതരും. പുതിയ ബന്ധങ്ങളും പുതിയ അവസരങ്ങളും ദൈവം നമുക്ക് തന്നിരിക്കും.

നാം അല്പത്തിലും വിശ്വസ്തരായിരുന്നാൽ മതി. എന്റെ വ്യക്തിപരമായ അനുഭവം പറയാം: ഒരിക്കൽ സ്നേഹമായിരുന്ന പല വ്യക്തികളും ആർക്കൊക്കെയോ വേണ്ടി എന്റെ ശത്രുക്കളായി മാറി. മനസ്സിൽ സ്വാഭാവികമായും ഒരു പ്രയാസം തോന്നി. പക്ഷേ അതൊന്നും ഗൗനിക്കാതെ വിശ്വാസയാത്ര തുടരാൻ ദൈവം എന്നെ സഹായിച്ചു. ഫലമോ? പുതിയ വ്യക്തിബന്ധങ്ങൾ, സൗഹൃദങ്ങൾ, സാഹോദര്യബന്ധങ്ങൾ എല്ലാം എന്റെ മുമ്പാകെ എനിക്കായി ദൈവം തുറന്നു.

ഇതാ ഫിലദെൽഫ്യസഭയുടെ മുമ്പിൽ കർത്താവ് ഒരു വാതിൽ തുറന്നുവച്ചിരിക്കുന്നു. 1 കൊരിന്ത്യർ 16:9 നോക്കുക. “എനിക്ക് വലിയതും സഫലവുമായോരു വാതിൽ തുറന്നിരിക്കുന്നു. എതിരാളികളും പലർ ഉണ്ട്” അപ്പൊസ്തലനായ പൗലൊസ് 2 കൊരിന്ത്യർ 2:12 ൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: “എന്നാൽ ഞാൻ ക്രിസ്തുവിന്റെ സുവിശേഷം അറിയിപ്പാൻ ത്രോവാസിൽ വന്നാറെ കർത്താവിന്റെ പ്രവൃത്തിക്കായി എനിക്ക് ഒരു വാതിൽ തുറന്നു കിട്ടിയപ്പോൾ...” ഈ രണ്ടു വാക്യങ്ങളും ചേർത്തു ചിന്തിക്കുമ്പോൾ, സുവിശേഷപ്രവർത്തനം ഫലകരമായി നടത്താൻ കിട്ടിയ അവസരങ്ങളെക്കുറിച്ച്, ‘വാതിൽ തുറന്നുകിട്ടി’ എന്നു പറഞ്ഞിരിക്കുന്നതായി മനസ്സിലാക്കാമല്ലോ. അതെ, ഫിലദെൽഫ്യാസഭയ്ക്ക് കർത്താവ് ചില പുതിയ ആത്മാക്കളെ കൊടുക്കാൻ പോകുന്നു.

സഭയിൽ ആളെ കൂട്ടാനായി മറ്റു സഭകൾ പിളർത്തേണ്ടതില്ല. മറ്റു സഭകളിൽ പോകുന്നവരെ പ്രലോഭിപ്പിക്കേണ്ടതില്ല. വല്ലവരെയും നിർബന്ധിച്ച് സഭയിൽ കൊണ്ടുവരേണ്ടതുമില്ല. മോഹനവാഗ്ദാനങ്ങൾ വച്ചു നീട്ടേണ്ടതില്ല. പിന്നെ? ദൈവമുമ്പാകെ വിശ്വസ്തത കാണിച്ചാൽ മതി. തക്ക സമയത്ത് ദൈവം പുതിയ വാതിലുകൾ തുറന്നുതരും. സുവിശേഷം ശുഷ്കാന്തിയോടെ അറിയിച്ചിട്ടും നാളിതുവരെ അധികമാരെയും നേടാൻ കഴിയാത്ത വിശ്വാസിയേ, താങ്കൾ തളരേണ്ടതില്ല. ദൈവവചനം കാക്കുക. ദൈവനാമം നിഷേധിക്കാതിരിക്കുക. വിശ്വസ്തനായി നിങ്ങളുടെ യാത്ര തുടരുക. പുതിയ വാതിൽ നിശ്ചയമായും നിങ്ങളുടെ മുന്നിൽ ദൈവം തുറന്നുതരും. ആ സമയംവരെയും ദീർഘക്ഷമയോടെ ഇരിക്കാൻ കഴിയണം.

ദൈവം തന്നിരിക്കുന്ന സാഹചര്യങ്ങളിൽ സംതൃപ്തനായി തുടരുക. വിശ്വസ്തനായി തുടരുക. ബാക്കിയെല്ലാം ദൈവം നോക്കിക്കൊള്ളും. ഒരു ദൈവപൈതലിന്റെ ജീവിതം എത്ര സുരക്ഷിതമാണ്!

**(തുടരും)**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.reallifevoice.in**

# ജോൺ ഹാർപ്പർ

John Harper (29 May 1872 – 15 April 1912)

**പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി**

**1912 ലെ ടൈറ്റാനിക് കപ്പലപകടത്തിൽ നിത്യതയിലേക്ക് ചേർക്കപ്പെട്ട സ്കോട്ട്ലണ്ടിലെ സുവിശേഷകൻ**

അമേരിക്കയിലെ ചിക്കാഗോയിലുള്ള പ്രശസ്തമായ മൂഡി ചർച്ചിലെ ഒരു ഹാളിന് 'ജോൺ ഹാർപ്പർ ഹാൾ' എന്ന പേര് പ്രത്യേകമായി നൽകപ്പെട്ടിരിക്കയാണ്. സ്കോട്ടുലണ്ടുകാരനായ ഈ ദൈവദാസന്റെ സ്മരണ ഇപ്രകാരം നിലനിർത്തുന്നതിനായി അമേരിക്കയിലെ ക്രിസ്തീയവിശ്വാസികൾ കാണിച്ചിരിക്കുന്ന ഈ താത്പര്യത്തിന്റെ പിന്നിലെ കഥ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. നിത്യജീവനെ പിടിച്ചുകൊൾക എന്ന ദൈവകല്പന (1 തിമൊ.6:12) ശരിയായി അനുസരിച്ചുകൊണ്ട്, ദൈവം സ്നേഹം തന്നേ എന്ന വചനസത്യം (1 യോഹ.4:8) അവിശ്വസനീയമാം വിധത്തിൽ ലോകത്തിന് വ്യക്തമാക്കിക്കൊടുത്ത ഒരു സുവിശേഷകന്റെ കഥയാണിത്.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, 1870 മുതൽ അമേരിക്കയിൽ ഡി. എൽ. മൂഡിയുടെ നേതൃത്വത്തിൽ ആരംഭിച്ച ആത്മികഉണർവ് അനേകായിരം ആളുകളുടെ മാനസാന്തരത്തിനും ആത്മരക്ഷയ്ക്കും മുഖാന്തരമായിത്തീർന്നു. 1899 ൽ മൂഡി കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടതിനു ശേഷവും അദ്ദേഹം മുഖാന്തരം ആരംഭിച്ച സുവിശേഷപ്രവർത്തനങ്ങൾ വളരെക്കാലം അഭിവൃദ്ധികരമായി മുമ്പോട്ട് തുടർന്നുകൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ജോൺ ഹാർപ്പർ എന്ന സ്കോട്ടുലണ്ടുകാരനായ സുവിശേഷകൻ ആദ്യമായി ചിക്കാഗോയിലേക്ക് ക്ഷണിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ സുവിശേഷപ്രസംഗങ്ങൾ മൂലം അനേകരെ രക്ഷയിലേക്ക് നടത്തിയതിനു ശേഷം അദ്ദേഹം സ്വന്തനാട്ടിലേക്ക് മടങ്ങിപ്പോയി.

ചിക്കാഗോയിൽ മൂഡിയുടെ പേരിൽ സ്ഥാപിക്കപ്പെട്ട ആരാധനാലയത്തിൽ കൂടിവരിക പതിവായിരുന്ന വിശ്വാസികൾ ജോൺ ഹാർപ്പറെ വീണ്ടും അമേരിക്കയിലേക്ക് ക്ഷണിച്ചു. അങ്ങനെ 1912 ൽ ഇംഗ്ലണ്ടിൽനിന്ന് ടൈറ്റാനിക് കപ്പലിലെ ഒരു യാത്രക്കാരനായി അദ്ദേഹം അമേരിക്കയിലേക്ക് യാത്ര പുറപ്പെട്ടു. 1912 ഏപ്രിൽ 15-ാം തീയതി വെളുക്കുന്നതിനു മുമ്പ് ന്യൂഫൗണ്ട് ലാൻഡിന് ഏതാണ്ട് 600 കിലോമീറ്റർ അകലെ, അറ്റ്ലാന്റിക് സമുദ്രത്തിൽ മുങ്ങിത്താണുപോയ ആ കപ്പലിലെ യാത്രക്കാരിലൊരാളായിരുന്ന ജോൺ

ഹാർപ്പറിന്റെ ഈ ലോകജീവിതം അങ്ങനെ 39 വർഷങ്ങൾകൊണ്ട് അവസാനിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതാന്ത്യം സംബന്ധിച്ച ചരിത്രവസ്തുതകൾ ദൈവത്തെ സ്നേഹിക്കുന്ന സകല വിശ്വാസികൾക്കും പ്രചോദനം നൽകുന്നവയാണ്. അതിനാൽ അവ ചുരുക്കമായി ഇവിടെ പ്രസ്താവിക്കുകയാണ്.



*ടൈറ്റാനിക് എന്ന കപ്പൽ 1912 ഏപ്രിൽ 14 ന് നിലാവില്ലാത്ത രാത്രിയിൽ 11.40 ന് മഞ്ഞുമലയിൽ ഇടിച്ചു. അപ്പോൾ തൊട്ട് വെള്ളം കയറി പതുക്കെ പതുക്കെ മുങ്ങാൻ തുടങ്ങിയ കപ്പൽ 2 മണിക്കൂർ 40 മിനിറ്റിനു ശേഷം ഏപ്രിൽ 15 ന് വെളുപ്പിന് 2.20 ന് പരിപൂർണ്ണമായും അറ്റ്ലാന്റിക് സമുദ്രത്തിൽ മുങ്ങിത്താണു. 1500 ലധികം ആളുകൾ ഈ ദുരന്തത്തിൽ കൊല്ലപ്പെട്ടു.*

ടൈറ്റാനിക് കപ്പലിൽ വളരെ കുറച്ച് ലൈഫ്ബോട്ടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മഞ്ഞുമലയിൽ ഇടിച്ചതിനെത്തുടർന്ന് കുറേശ്ശെ വെള്ളത്തിനടിയിലേക്ക് താഴാൻ തുടങ്ങിയ കപ്പലിൽനിന്ന്, ആദ്യം സ്ത്രീകളും കുട്ടികളും ലൈഫ് ബോട്ടുകളിൽ കയറുവാനുള്ള നിർദ്ദേശമാണ് നൽകപ്പെട്ടത്. ജോൺ ഹാർപ്പർ ആറു വയസ്സുള്ള തന്റെ മകളെയും ഒപ്പമുണ്ടായിരുന്ന തന്റെ അനന്തരവളെയും ഒരു ലൈഫ്ബോട്ടിൽ കയറ്റി. അതിനുശേഷം അദ്ദേഹം കപ്പലിന്റെ മേൽത്തട്ടിൽനിന്നുകൊണ്ട്, "യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ച് നിങ്ങൾ ആത്മരക്ഷ പ്രാപിക്കുക" എന്ന സന്ദേശം എല്ലാവർക്കും നൽകിക്കൊണ്ടിരുന്നു.

ഏതാണ്ട് രണ്ടര മണിക്കൂർ സമയം കൊണ്ടാണ് കപ്പൽ കടലിൽ മുങ്ങിത്താണത്. മകളെയും അനന്തരവളെയും ലൈഫ്ബോട്ടിൽ കയറ്റിയപ്പോൾ അദ്ദേഹത്തിനും കയറാൻ അവസരം ലഭിച്ചതായിരുന്നുവെങ്കിലും അദ്ദേഹം കപ്പലിന്റെ ഡെക്കിൽ തന്നെ നിന്നുകൊണ്ട് ആത്മരക്ഷയുടെ സന്ദേശം നശിച്ചുപോകുന്നവർക്ക് നൽകാനാണ് മനസ്സുവച്ചത്. "എനിക്ക് വിശ്വസിക്കാൻ തോന്നുന്നില്ല" എന്നു തന്നോട് മറുപടി പറഞ്ഞ ഒരാളിനെ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അയാൾക്ക് ലൈഫ് ജാക്കറ്റ് കിട്ടിയിരുന്നില്ല. ജോൺ ഹാർപ്പർ തനിക്ക് ലഭിച്ചിരുന്ന ലൈഫ് ജാക്കറ്റ് ഊരി അദ്ദേഹത്തിന് കൊടുത്തുകൊണ്ട് പറഞ്ഞു: "ഇതിന്റെ ആവശ്യം എന്നേക്കാൾ കൂടുതലുള്ളത് നിങ്ങൾക്കാണ്" ആ ചെറുപ്പക്കാരൻ അത് സ്വീകരിക്കുകയും ചെയ്തു.

(വെള്ളത്തിൽ താണുകൊണ്ടിരുന്ന ഒരാളിന് ലൈഫ് ജാക്കറ്റ് ഇല്ലെന്നു കണ്ടപ്പോൾ തന്റെ ലൈഫ് ജാക്കറ്റ് ഊരി അയാൾക്ക് നൽകി അയാളെ രക്ഷിക്കുകയും താൻ മരണത്തിന് കീഴ്പ്പെടുകയും ചെയ്തു എന്ന് ചില വിവരണങ്ങളിൽ കാണുന്നു. ഇതിൽ ഏതാണ് ശരിയായിട്ടുള്ളതെങ്കിലും മറ്റൊരാളിന്റെ ജീവരക്ഷയ്ക്കുവേണ്ടി സ്വന്ത ജീവൻ നഷ്ടപ്പെടാൻ അനുവദിച്ചുകൊണ്ട് തന്നെയാണ് അദ്ദേഹം കർത്താവിന്റെ സന്നിധിയിൽ എത്തിച്ചേർന്നത് എന്നതിന് സംശയമില്ല)



*മരണത്തെ മുന്നിൽ കണ്ടുകൊണ്ട് നിൽക്കുമ്പോൾ പോലും കപ്പലിന്റെ ഡെക്കിൽനിന്ന് സുവിശേഷം പ്രസംഗിച്ച ജോൺ ഹാർപർ - ചിത്രകാരന്റെ ഭാവനയിൽ*

കപ്പൽ കടലിൽ താണുകഴിഞ്ഞപ്പോൾ ജീവനുവേണ്ടി നീന്തിത്തുടിച്ചുകൊണ്ടിരുന്ന ആളുകളുടെ അടുത്തേക്ക് തിരമാലകൾ തന്നെ എത്തിച്ചപ്പോൾ ആ സമയത്തുപോലും, “യേശുവിൽ വിശ്വസിക്കുക, ആത്മരക്ഷ പ്രാപിക്കുക” എന്ന സന്ദേശം അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു.

പിന്നീട്, കപ്പലപകടത്തിൽനിന്ന് രക്ഷപ്പെട്ടവരുടെ ഒരു സംഗമം കാനഡായിൽ ഒന്റാറിയോ സ്റ്റേറ്റിലെ ഹാമിൽട്ടണിൽവച്ച് നടന്നു. അന്ന് ജോർജ്ജ് ഹെൻറി കാവിൽ എന്നൊരാൾ ഇപ്രകാരം പറഞ്ഞു: “ജീവനുവേണ്ടി നീന്തിത്തുടിച്ചുകൊണ്ടിരുന്ന എന്നോട് ജോൺഹാർപ്പർ പറഞ്ഞു: ‘യേശുവിൽ വിശ്വസിക്ക’ എന്ന്. ഞാൻ വിശ്വസിച്ചു. ദൈവം എന്നെ രക്ഷിച്ചു.”

ജോൺഹാർപ്പറിന്റെ ജീവിതം നമ്മോടും ഒരു സന്ദേശം വിളിച്ചുപറയുന്നു: വചനം പ്രസംഗിക്ക. സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക (2 തിമൊ.4:2).

മണ്ണുത്തിയിലെ **ബൈബിൾ സ്റ്റഡി സെന്റർ** പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളുടെ വിശദാംശങ്ങൾ അറിയാൻ 85906 02450 എന്ന വാട്സാപ് നമ്പറിൽ ബന്ധപ്പെടുക. (T. John Mathew, Bible Study Centre, P. O. Mannuthy, Thrissur- 680 651)

# കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ

**8**

**-എംവിഎസ്-**

**ഭാഗം രണ്ട്: രണ്ട് വാക്യങ്ങൾ**

(2 കൊരി.2:11; സങ്കീ.19:12,13)

കുടുംബജീവിതത്തെക്കുറിച്ചുള്ള ഈ ലേഖനപരമ്പരയുടെ രണ്ടാംഭാഗത്തിലേക്ക് നാം കടക്കുകയാണ്. 2 കൊരിന്ത്യർ 2:11, സങ്കീർത്തനങ്ങൾ 19:12,13 എന്നീ വാക്യങ്ങളാണ് രണ്ടാംഭാഗത്തിൽ നാം ചിന്തിക്കുന്നത്. കുടുംബജീവിതവുമായി നേരിട്ട് ബന്ധമില്ലാത്ത വാക്യങ്ങളാണവ. പക്ഷേ ആ വാക്യങ്ങളെ കുടുംബജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിച്ചുകൊണ്ട് ചില കാര്യങ്ങൾ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**2 കൊരിന്ത്യർ 2:11**

*"സാത്താൻ നമ്മെ തോൽപ്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ"*

സാത്താൻ നമ്മെ തോൽപ്പിക്കരുത്:

നാം തോൽക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. പക്ഷേ നമ്മെ തോൽപ്പിക്കണം എന്നു പിശാചും ആഗ്രഹിക്കുന്നു. ഈ രണ്ട് ആഗ്രഹക്കാരുടെയും നടുവിലാണ് നമ്മുടെ സ്ഥാനം. ദൈവത്തോട് ചേർന്നു നിന്നാൽ നാം ജയിക്കും. പിശാചിനോട് ചേർന്ന് നിന്നാൽ നാം തോൽക്കും. കുടുംബജീവിതത്തോടുള്ള ബന്ധത്തിൽ പിശാച് പലരെയും തോൽപ്പിച്ചിട്ടുണ്ട്. ദൈവമക്കളുടെ കുടുംബജീവിതത്തെ തകർക്കുന്നതു നിമിത്തം ദൈവസഭയിലെ അവരുടെ സജീവപങ്കാളിത്തം ഇല്ലാതാക്കുക കൂടിയാണ് പിശാച് ചെയ്യുന്നത്. അതുകൊണ്ട് ദൈവമക്കൾ കുടുംബജീവിതത്തെ ഗൗരവത്തോടെ കാണണം. അത് തകരാതിരിക്കാൻ വേണ്ടി ഏതറ്റം വരെ ക്ഷമിക്കാനും സഹിക്കാനും തയ്യാറാകണം. പരമാവധി വിട്ടുവീഴ്ചകൾ ചെയ്യണം.

അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ:

പിശാചിന്റെ തന്ത്രങ്ങളെല്ലാം നേരത്തെതന്നെ നമുക്ക് അറിയാവുന്നതാണ്. പലതും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എലിക്കെണിയിൽ

എലിക്ക് ഇഷ്ടമുള്ള ഒരു വിഭവം വച്ചിരിക്കും. അത് തിന്നാനായി ശ്രമിക്കുന്ന എലി കൊല്ലപ്പെടുന്നു. ഒരേ എലിക്കെണി ഉപയോഗിച്ച് എത്ര എലിയെ വേണ മെങ്കിലും നമുക്ക് പിടിക്കാം. കാരണം എലികൾ നമ്മുടെ തന്ത്രം തിരിച്ചറി യുന്നില്ല.

ഇതുപോലെ ഒരേ തന്ത്രം ഉപയോഗിച്ച് എത്രയോ ആളുകളെ പിശാച് തോൽപ്പിച്ചിരിക്കുന്നു! അവന്റെ തന്ത്രങ്ങളെ പലരും തിരിച്ചറിയുന്നില്ല. മദ്യ ഷാപ്പുകൾ പിശാച് ഇഷ്ടപ്പെടുന്നു. പക്ഷേ കുടുംബങ്ങളെ പിശാച് ഇഷ്ട പ്പെടുന്നില്ല. അതുകൊണ്ട് മദ്യഷാപ്പുകൾ വിജയമായി തുടരുന്നു. കുടുംബ ങ്ങൾ തകരുന്നു. പ്രിയ ദൈവജനമേ, നമ്മുടെ കുടുംബങ്ങൾ തകരരുത്. സാത്താൻ നമ്മെ തോൽപ്പിക്കരുത്. സാത്താന്റെ മുമ്പിൽ നാം തോറ്റുപോ യാൽ, കാൽവരിയിൽ രക്തം ചൊരിഞ്ഞ് നമ്മെ വീണ്ടെടുത്ത കർത്താ വിനെ അപമാനിക്കുകയാണ് ചെയ്യുന്നത്.

'സാത്താൻ നമ്മെ തോൽപ്പിക്കരുത്' എന്ന വാക്യം രേഖപ്പെടുത്തി യിട്ടുള്ള സന്ദർഭം നാം നോക്കിയാൽ അവന്റെ തന്ത്രങ്ങളെ തടയുവാനുള്ള രണ്ടു മാർഗ്ഗം അവിടെ രേഖപ്പെടുത്തിയിട്ടുള്ളത് കാണാം. ക്ഷമിക്കുക (വാക്യം 7), സ്നേഹിക്കുക (വാക്യം 8) എന്നിവയാണ് ആ രണ്ടു മാർഗ്ഗ ങ്ങൾ. 10 ഉം 11 ഉം വാക്യങ്ങൾ ചേർത്തുവായിക്കുമ്പോൾ വ്യക്തമാകുന്നത്, ക്ഷമിക്കാനും സ്നേഹിക്കാനും നമുക്ക് കഴിഞ്ഞില്ലെങ്കിൽ സാത്താൻ നമ്മെ തോൽപ്പിക്കും എന്നാണ്. അതുകൊണ്ട് ക്ഷമിക്കാനും സ്നേഹിക്കാനും നാം പരിശീലിക്കണം.

ക്ഷമിക്കാനും സ്നേഹിക്കാനും കഴിഞ്ഞില്ലെങ്കിൽ നാം എവിടെയും തോറ്റുപോകും. സാത്താൻ എവിടെയും നമ്മെ തോൽപ്പിക്കും. ജോലിയിൽ നാം തോറ്റുപോകും, കുടുംബത്തിൽ നാം തോറ്റുപോകും. നാം ഒരു പരാജ യമായി മാറും. ഒന്നു ക്ഷമിക്കാൻ തയ്യാറായിരുന്നുവെങ്കിൽ എത്രയെത്ര കുടുംബബന്ധങ്ങൾ തകരാതിരിക്കുമായിരുന്നു! 'ഡിവോസ്' (divorce) എന്ന വിഷയം ഞാൻ ഗൂഗിളിൽ സെർച്ച് ചെയ്തപ്പോൾ, നേരത്തെ പലരും ഇത് സംബന്ധിച്ച് സെർച്ച് ചെയ്തിട്ടുള്ള ചോദ്യങ്ങൾ കാണുവാൻ കഴി ഞ്ഞു. അതിൽ ഒന്ന് ഇപ്രകാരമായിരുന്നു: What is the fastest way to get divorce? (വിവാഹമോചനം നേടാനുള്ള ഏറ്റവും വേഗതയേറിയ മാർഗ്ഗമേ താണ്?)

ഇത്ര പെട്ടെന്ന് കുടുംബജീവിതം മടുത്തുവോ? ആദ്യനാളുകളിലെ ആ സ്നേഹം, ആടിപ്പാടി നടന്നത്, സന്തോഷിച്ചും ഉല്ലസിച്ചും നടന്നത്, തൊട്ടുരുമ്മി നടന്നത്... എല്ലാം പെട്ടെന്നു മടുത്തുവോ? എത്രയും വേഗ ത്തിൽ 'ഡിവോസ്' (വിവാഹമോചനം) വേണമെന്ന്! ഇനി ഒരു നിമിഷം

പോലും ഒരുമിച്ച് ജീവിക്കാൻ തയ്യാറല്ലെന്ന്! സാത്താന്റെ മുമ്പിൽ അവർ തോറ്റുപോയി. പരസ്പരം ക്ഷമിക്കാൻ അവർ തയ്യാറല്ല. ക്ഷമിക്കുന്നത് തോൽവിയാണെന്നു അവർ ചിന്തിക്കുന്നു. ഓർക്കുക: ഭാര്യയോട് ഭർത്താവ് ക്ഷമിച്ചാൽ ഭർത്താവ് തോൽക്കുന്നില്ല. ക്ഷമിക്കുക എന്ന ദൈവികപ്രമാണം അനുസരിച്ചതുകൊണ്ട് വിജയിക്കുകയാണ് ചെയ്യുന്നത്. ഇതുപോലെ ഭർത്താവിനോട് ഭാര്യ ക്ഷമിച്ചാൽ അതും തോൽവിയല്ല.

ദൈവം നമ്മോട് ക്ഷമിച്ചപ്പോൾ നമ്മുടെ മുമ്പിൽ ദൈവം തോൽക്കുകയായിരുന്നുവോ? കർത്താവിന്റെ രക്തത്തിൽ നാം ആശ്രയിക്കുമ്പോൾ ഓരോ ദിവസവും നാം ചെയ്തുകൂട്ടുന്ന പാപങ്ങളെ കർത്താവ് ക്ഷമിക്കും. അപ്പോൾ കർത്താവ് നമ്മുടെ മുമ്പിൽ തോൽക്കുകയാണോ? ഇനി അതെല്ലാം തോൽവിയാണ് എന്നു ആരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ, കുടുംബജീവിതത്തിന്റെ കെട്ടുറപ്പിനുവേണ്ടി ഭാര്യ ഭർത്താവിന്റെ മുമ്പിലും ഭർത്താവ് ഭാര്യയുടെ മുമ്പിലും തോൽക്കുന്നത് നല്ലതാണ്. സാത്താന്റെ മുമ്പിൽ തോൽക്കുന്നതിനേക്കാൾ നല്ലതാണത്.

അർജന്റീന ഫുട്ബോൾ ടീം ബ്രസീലൊഴികെ മറ്റേത് ടീമിനോട് തോറ്റാലും അർജന്റീനയുടെ ആരാധകർ (ഫാൻസ്) അത് ക്ഷമിക്കും. പക്ഷേ ബ്രസീലിനോട് തോറ്റാൽ, അർജന്റീനയുടെ ആരാധകർ വയലന്റ് ആകും. ഞാൻ പറയാനുദ്ദേശിച്ചത് എന്താണെന്നു വച്ചാൽ, മറ്റെവിടെയും നമുക്ക് തോൽക്കാം; സാത്താന്റെ മുമ്പിൽ തോൽക്കാതിരുന്നാൽ മതി. വിട്ടുവീഴ്ചകൾ ചെയ്തും ക്ഷമിച്ചും നമ്മുടെ കുടുംബജീവിതം മുന്നോട്ടു നീങ്ങണം. ഞാൻ എന്റെ ഭാര്യയുടെ മുമ്പിൽ തോറ്റിട്ടുണ്ട്. എന്റെ ഭാര്യ എന്റെ മുമ്പിലും തോറ്റിട്ടുണ്ട്. അങ്ങനെയുള്ള തോൽവി നിമിത്തം ഞങ്ങളുടെ കുടുംബജീവിതം ഇപ്പോൾ 27 വർഷം പിന്നിട്ടിരിക്കുന്നു. ഞങ്ങളുടെ ഇടയിൽ പിണക്കങ്ങളുണ്ടായി. വഴക്കുകളുണ്ടായി. പക്ഷേ ഞങ്ങളൊരുമിച്ച് ജീവിച്ചു. ഒരുമിച്ചിരുന്നു പ്രാർത്ഥിച്ചു. സാത്താന്റെ മുമ്പിൽ തോറ്റില്ല.

കണക്കുകൾ പരിശോധിക്കുമ്പോൾ, വിവാഹമോചനത്തിന്റെ കാര്യത്തിൽ കേരളം ഒട്ടും പിന്നിലല്ല എന്നു കാണാം. ആദ്യത്തെ അഞ്ചു സംസ്ഥാനങ്ങളിൽ നമ്മുടെ കൊച്ചുകേരളം ഉൾപ്പെടുന്നുണ്ട്. സന്തോഷത്തോടെയും സ്വപ്നങ്ങൾ നെയ്തുകൂട്ടിയും ആരംഭിച്ച കുടുംബജീവിതങ്ങളാണ് തകർന്നു വീഴുന്നത്. ഒരുമിച്ച് ജീവിക്കുന്ന അനേകം ഭാര്യാഭർത്താക്കന്മാർ ഉള്ള കാര്യം മറക്കുന്നില്ല. ദൈവമാണ് അവരെ ഒരുമിച്ച് നിർത്തുന്നത്. മരണം വരെ വേർപിരിഞ്ഞുകൂടാ. ഏതു പ്രതിസന്ധിയിലും ഒരുമിച്ചുനിൽക്കണം. ഒരുമിച്ച് പ്രാർത്ഥിക്കണം, ഒരുമിച്ച് ജീവിക്കണം. സാത്താൻ നമ്മെ തോൽപ്പിക്കരുത്.

**(തുടരും)**

-എംവിഎസ്-

# ഒരുമിച്ച് 50 വർഷം

Episode 8

(കുടുംബജീവിതത്തിൽ 50 വർഷമോ അതിലധികമോ പൂർത്തിയാക്കിയ വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം)

**ഈ പരമ്പരയിൽ പ്രസിദ്ധീകരിക്കുന്ന ദമ്പതികൾ പല നിലകളിൽ കുറവുകൾ ഉള്ളവരായിരിക്കാം. പക്ഷേ അവർ 50 കൊല്ലമോ അതിലധികമോ ഒരുമിച്ച് ജീവിച്ചു. അതിൽ അവർ അഭിനന്ദനം അർഹിക്കുന്നു.**



**വർഗ്ഗീസും തങ്കമ്മയും (തകിടിയിൽ ഭവനം)**

**52 കൊല്ലത്തിലധികമായി ഒരുമിച്ച് ജീവിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീസ് (75 വയസ്സ്), തങ്കമ്മ (73 വയസ്സ്) ദമ്പതികളെയാണ് ഇത്തവണ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്. തൃശ്ശൂർ ജില്ലയിലെ പൂമലയിലുള്ള യുണൈറ്റഡ് ക്രിസ്റ്റ്യൻ ചർച്ചിലെ അംഗങ്ങളാണ്. അവർ പൂമലയിൽ താമസിക്കുന്നു.**

*1. എന്നായിരുന്നു നിങ്ങളുടെ വിവാഹം?*

52 കൊല്ലം മുമ്പ് റീത്ത്പള്ളിയിൽ വച്ചായിരുന്നു ഞങ്ങളുടെ വിവാഹം.

*2. മക്കൾ എത്ര പേർ?*

രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ഞങ്ങളെല്ലാവരും പൂമല ക്രിസ്ത്യൻ ചർച്ചിൽ കൂടിവരുന്നു.

*3. വിശ്വാസത്തിൽ വരുവാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു?*

ചില വർഷങ്ങൾക്കുമുമ്പ് ഭയങ്കരമായ ഇടിവെട്ടുണ്ടായി. വീടിന്റെ വാതിൽ തകർന്നുപോയി. ഞങ്ങൾക്ക് ആർക്കും അപകടമൊന്നും ഉണ്ടായില്ല. എങ്കിലും ഞങ്ങളെല്ലാം മാനസികമായി തകർന്നുപോയിരുന്നു. ഞങ്ങളെ ആശ്വസിപ്പിക്കാൻ പള്ളിക്കാരാരും വന്നില്ല. എന്നാൽ ചില ഉപദേശിമാർ പ്രാർത്ഥിക്കാനായി വീട്ടിൽ വന്നു. ഈ സംഭവമാണ് ഞങ്ങളെ വിശ്വാസത്തിലേക്ക് നടത്തുവാൻ ഇടയായത്. 26 വർഷം മുമ്പ് സ്നാനപ്പെട്ടു.

*4. വരുമാനമാർഗ്ഗം എന്താണ്?*

കൃഷിപ്പണിയാണ്.

*5. നിങ്ങൾ വഴക്കു കൂടാറുണ്ടോ?*

(ഈ ചോദ്യത്തിന് ആദ്യം മറുപടി പറഞ്ഞത് മകൻ ബിജുവർഗ്ഗീസ് ആണ്) വിശ്വാസത്തിൽ വരുന്നതിനു മുമ്പ് വഴക്കും അടിപിടിയും ഉണ്ടായിരുന്നു. മദ്യപിച്ചു വീട്ടിൽ വന്ന് പ്രശ്നങ്ങളുണ്ടാക്കുമായിരുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ഇതിലെല്ലാം മാറ്റം വന്നു. തല്ലും ബഹളവുമെല്ലാം അവസാനിച്ചു.

(തുടർന്ന് അമ്മയുടെ മറുപടി): ഞങ്ങൾ തമ്മിൽ സൗന്ദര്യപ്പിണക്കമൊക്കെ ഉണ്ടാകാറുണ്ട്. എങ്കിലും ഞങ്ങൾ തല്ലിപ്പിരിഞ്ഞില്ല. ഇന്നും ഒരുമിച്ച് ജീവിക്കുന്നു.

(തുടർന്ന് അപ്പന്റെ മറുപടി): സ്നാനപ്പെട്ടതിനുശേഷം നല്ല ആളുകളോടുകൂടി ചേർന്ന് ജോലി ചെയ്യാൻ അവസരം കിട്ടി. ഇത് എന്റെ ജീവിതത്തിലും വളരെ മാറ്റം വരുവാൻ കാരണമായി.



*6. (അടുത്ത ചോദ്യം സഭാശുശ്രൂഷകനായ പാസ്റ്റർ സാജൻ പൂമലയോടായിരുന്നു)*

*ഇവരെക്കുറിച്ച് എന്താണ് പാസ്റ്ററുടെ അഭിപ്രായം?*

വിശ്വാസികൾക്ക് ഭക്ഷണം തയ്യാറാക്കേണ്ട ദിവസം വെളുപ്പിന് നാലരയ്ക്കുതന്നെ ഈ അമ്മച്ചി എന്റെ വീട്ടിൽ വരും. ഞങ്ങൾക്കത് വലിയ അനുഗ്രഹമാണ്. മകൻ ബിജു സഭയിൽ വചനം പങ്കിടാറുണ്ട്.

*7. കുടംബജീവിതം നയിക്കുന്ന യുവതലമുറയോട് വിജയകരമായ കുടുംബജീവിതം നയിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത്?*

നന്നായി ജീവിക്കുക. ദൈവത്തെ അറിഞ്ഞു ജീവിക്കുക. മദ്യപാനം പോലുള്ള കാര്യങ്ങൾ ജീവിതത്തിൽ ഒരിക്കലും പാടില്ല.



**എം. വി. സെബാസ്റ്റ്യൻ, പാസ്റ്റർ സാജൻ പൂമല, എന്നിവർ വർഗ്ഗീസ് – തങ്കമ്മ ദമ്പതികളോടും അവരുടെ മകൻ ബിജുവിനോടുംകൂടെ**

പ്രിയ വായനക്കാരോട്:

കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ വിശ്വാസികളെ കണ്ടെത്തി അവരുമായി അഭിമുഖം നടത്തി പ്രസിദ്ധീകരിക്കുന്ന ഈ പംക്തിയുടെ പരമമായ ലക്ഷ്യം, കുടുംബജീവിതങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. പ്രിയ വായനക്കാരുടെ അറിവിൽ ഇത്തരത്തിൽ 50 വർഷം തികച്ചവരുണ്ടെങ്കിൽ അക്കാര്യം എഡിറ്ററെ അറിയിച്ചാൽ അവരുമായുള്ള അഭിമുഖം നടത്താൻ ശ്രമിക്കുന്നതാണ്. രണ്ട് വ്യവസ്ഥ മാത്രം: ഒന്ന്, 50 വർഷം ഒരുമിച്ച് പൂർത്തിയാക്കിയിരിക്കണം. രണ്ട്, അവർ വിശ്വാസികളായിരിക്കണം. ശുശ്രൂഷകരായിരിക്കണമെന്ന് നിർബന്ധമില്ല.

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| E P Paulose, Poovanchira, Thrissur | Left |
| Moly Jose, Angamaly, Ernakulam | Left |
| Benny T J, MG Kavu, Thrissur | Left |
| P Jagadeesan,Vazhakkala, Cochi | Left |

**അഡ്രസ്ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക് ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

31

## മദ്യം ഒഴിക്കണം?

മഴക്കാല തവള പോലെയുള്ള ചില വിശ്വാസികളുണ്ട്. വല്ലപ്പോഴും ഒന്നു സജീവമാകും. പിന്നെ കുറെ നാളത്തേക്കില്ല.

ചിലരുടെ ബൈബിൾവായനയും ഇങ്ങനെയാണ്. വല്ല 'വിഷുവിനും സക്രാന്തിക്കും' മാത്രം ബൈബിൾ വായിക്കുന്നവർ!

പക്ഷേ കൊച്ചുണ്ണിബ്രദർ അങ്ങനെയല്ല. സ്ഥിരമായി ബൈബിൾ വായിക്കും. എങ്കിലും ഒരു പ്രശ്നമുണ്ട്. വായന കഴിഞ്ഞാൽ പിന്നെ സംശയമാണ്. ആ സംശയം കൊച്ചുണ്ണിബ്രദറിനെ കോപാകുലനാക്കും.

പിന്നെ ചീറിപ്പാഞ്ഞ് ഒരു വരവാണ്... മൂപ്പന്റെയും ഇട്ടിയപ്പച്ചന്റെയും അടുത്തേക്ക്...

"മൂപ്പാ, ദേ വരണ്ണ്ട്" കൊച്ചുണ്ണിബ്രദർ പാഞ്ഞുവരുന്നത് കണ്ടപ്പോൾ ഇട്ടിയപ്പച്ചൻ പറഞ്ഞു.

മൂപ്പൻ പുഞ്ചിരിയോടെ കൊച്ചുണ്ണിബ്രദറിന്റെ ആ വരവ് നോക്കി.

"മൂപ്പാ... വരവു കണ്ടിട്ട് ഇന്ന് മൂപ്പനെ മലർത്തിയടിക്കുന്ന ഏതോ ഗംഭീരസംശയമായിട്ടാണ് വരുന്നത് എന്ന് തോന്നുന്നു..." ഇട്ടിയപ്പച്ചൻ എരിതീയിൽ എണ്ണ ഒഴിക്കുന്നതിന്റെ ഭാഗമായി പറഞ്ഞു.

മൂപ്പൻ വീണ്ടും പുഞ്ചിരിച്ചു.

"കൊച്ചുണ്ണ്യേ, ഇന്ന് നിയ് ബൈബിള് വായിച്ചിട്ട് ഇണ്ടായ സംശയം പറയൂ" ഇട്ടിയപ്പച്ചൻ വെടിമരുന്നിന് തീ കൊളുത്തി.

കൊച്ചുണ്ണി പറഞ്ഞു: "സംഖ്യ 28:7 ൽ, പാനീയയാഗമായി മദ്യം ഒഴിക്കണം എന്നെഴുതിയിട്ടുണ്ട്. എന്തൊരു അക്രമമാണിത്? യഹോവയ്ക്ക് മദ്യം ഒഴിച്ചുകൊടുക്കുകയോ?"

ഇത് കേട്ട് ഇട്ടിയപ്പച്ചൻ ഞെട്ടി. ബൈബിൾ തുറന്ന് ആ ഭാഗം വായിച്ച് വീണ്ടും ഞെട്ടി. എന്നിട്ട് മൂപ്പനെ നോക്കി. മൂപ്പൻ പുഞ്ചിരി തൂകി ഇരിക്കുന്നതു കണ്ടപ്പോൾ ഇട്ടിയപ്പച്ചൻ മൂന്നാമതും ഞെട്ടി. എന്നിട്ട് മൂപ്പനെ ദയനീയമായി നോക്കി.

മൂപ്പൻ മറുപടി പറഞ്ഞു: "ആ ഭാഗത്ത് മദ്യം എന്ന് തർജ്ജമ ചെയ്തിരിക്കുന്നതാണ് പ്രശ്നം സൃഷ്ടിക്കുന്നത്. strong drink എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ കാണുന്നത്. ഇതിനെ 'വീര്യമുള്ള പാനീയം' എന്ന് ഓശാന ബൈബിൾ തർജ്ജമ ചെയ്തിരിക്കുന്നു."

"ബൈബിളിൽ ഈ വാക്ക് 20 തവണ ഉപയോഗിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലത്തും വീഞ്ഞിന്റെ കൂടെയാണ്

പറഞ്ഞിരിക്കുന്നത്. 'വീഞ്ഞും മദ്യവും' എന്നിങ്ങനെ. അതായത്, 'വീഞ്ഞും വീര്യം കൂടിയ പാനീയവും' എന്ന് ശരിയായ തർജ്ജമ."

''ഇതിൽനിന്ന്, വീര്യം കൂടിയ പാനീയം അഥവാ strong drink എന്നത് മുന്തിരിയിൽനിന്ന് ഉണ്ടാക്കുന്നതല്ല എന്നും മറ്റേതെങ്കിലും പഴത്തിൽ നിന്ന് (അത്തിപ്പഴത്തിൽ നിന്നോ മറ്റോ) ഉണ്ടാക്കുന്നതാണ് എന്നു വ്യക്തം. മുന്തിരിയിൽനിന്ന് ഉണ്ടാക്കുന്ന വീഞ്ഞിനെക്കുറിച്ച് ആദ്യം പറഞ്ഞിരിക്കുന്നതുകൊണ്ട്, അടുത്ത പാനീയം മുന്തിരിയിൽനിന്നല്ല എന്നനുമാനിക്കുന്നത് സ്വാഭാവികം മാത്രം."

"സമാഗമനകൂടാരത്തിൽ കടക്കുമ്പോൾ പുരോഹിതർ വീഞ്ഞും മദ്യവും (വീര്യം കൂടിയ പാനീയം) കുടിക്കരുത് എന്ന് ലേവ്യാപുസ്തകം 10:9 ൽ കാണുന്നു. അല്ലാത്തപ്പോൾ പാനീയം എന്ന നിലയിൽ അവ അനുവദനീയമാണ്."

"ദൈവത്തിന് യാഗമായി അശുദ്ധമായതൊന്നും അർപ്പിച്ചുകൂടാ. തനിക്ക് യാഗം കഴിക്കാൻ ആവശ്യപ്പെടുന്ന പാനീയത്തിന്റെ കൂട്ടത്തിൽ മദ്യം (വീര്യം കൂടിയ പാനീയം) ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട്, അത് ഇന്ന് കാണുന്ന മദ്യമല്ല എന്നു മനസ്സിലാക്കാം. ഏറ്റവും മികച്ച പാനീയമായിരിക്കണം അത്."

"വീഞ്ഞായാലും വീര്യം കൂടിയ പാനീയമായാലും അധികമായാൽ ലഹരി പിടിച്ച് മത്തരാകും. നോഹ കുടിച്ചത് നല്ല ഒന്നാന്തരം വീഞ്ഞായിരുന്നു. പക്ഷേ അധികമായി കുടിച്ചതുകൊണ്ട് ലഹരി പിടിച്ച് മത്തനായി ബോധമില്ലാതെയും തുണിയില്ലാതെയും കിടന്നു (ഉല്പത്തി 9:21)."

''വീഞ്ഞായാലും വീര്യമുള്ള പാനീയമായാലും കുടിക്കാനുള്ള ഒരു പാനീയം എന്ന നിലയിൽ മാത്രമേ അതിന്റെ ഉപയോഗം പാടുള്ളൂ."

"സദൃശവാക്യങ്ങൾ 20:1 നോക്കൂ. വീഞ്ഞ് പരിഹാസിയും മദ്യം (വീര്യമുള്ള പാനീയം) കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല"

"പ്രത്യേകം ശ്രദ്ധിക്കുക: വീഞ്ഞും വീര്യമുള്ള പാനീയവും മിതമായി ഉപയോഗിച്ചാൽ പ്രശ്നമില്ല. അത് കുടിച്ച് മത്തരായി ചാഞ്ചാടി നടക്കുന്ന അവസ്ഥയിൽ എത്തുമ്പോഴാണ് പ്രശ്നം"

മൂപ്പൻ ഇത്രയും പറഞ്ഞു നിർത്തി. കൊച്ചുണ്ണിബ്രദറിന്റെ മുഖം തെളിഞ്ഞിട്ടില്ല. അതു കണ്ട് ഇട്ടിയപ്പച്ചൻ പറഞ്ഞു: ''കൊച്ചുണ്ണ്യേ, മൂപ്പൻ പറഞ്ഞ കാര്യങ്ങൾ ഞാൻ ചുരുക്കി പറഞ്ഞുതരാം."

"(1) മദ്യം എന്ന തർജ്ജമ ശരിയല്ല. വീര്യം കൂടിയ പാനീയം എന്നാണ് വരേണ്ടത്. (2) മുന്തിരിയല്ലാത്ത വേറെ പഴത്തിൽനിന്ന് ഉണ്ടാക്കുന്ന പാനീയമാണത് (3) പാനീയയാഗമായി ഒഴിക്കാൻ പറഞ്ഞതുകൊണ്ട് അത് നല്ല പാനീയമാണ് (4) എന്നാൽ ആവശ്യത്തിൽ കൂടുതലായാൽ ലഹരി പിടിക്കും. വീഞ്ഞായാലും ലഹരി പിടിക്കും. മനസ്സിലായോ?"

കൊച്ചുണ്ണി തലയാട്ടി.

# തട്ടും തലോടലും

12


-എംവിഎസ്-

**എക്സാലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട അന്വേഷണത്തിന് തടയിടാൻ പിണറായിസർക്കാരിന്റെ കാലത്ത് സിറ്റിങ്ങിന് 25 ലക്ഷം രൂപ വാങ്ങുന്ന അഭിഭാഷകനെയാണ് ചുമതലപ്പെടുത്തിയത്. എന്നിട്ടും കേസ് തോറ്റു. മൊത്തം 1.75 കോടി രൂപ ചെലവാക്കി (2026 മെയ് 28 ലെ പത്രവാർത്ത)**

അന്വേഷണത്തെ തടുക്കാൻ, ഓരോ വരവിലും 25 ലക്ഷം രൂപ ഫീസായി വാങ്ങുന്ന ഗംഭീരനായ വക്കീലിനെ വെച്ചു. എന്നിട്ട്...? ഗംഭീരമായി പൊട്ടി. ആ വക്കീലിന് മാത്രം ഗുണമുണ്ടായി. ഇതിന് താനെന്തിനാ കിടന്ന് കുരയ്ക്കുന്നത് എന്ന് ആരെങ്കിലും ചോദിക്കുമോ എന്നറിഞ്ഞുകൂടാ. സുഹൃത്തേ, ഇത് സർക്കാർഖജനാവിൽനിന്ന് ചെലവാക്കിയ തുകയാണ്. സർക്കാർഖജനാവിൽ പണം പെറ്റുപെരുകില്ല. എന്റെയും നിങ്ങളുടെയും കയ്യിൽനിന്നാണ് അവിടേക്ക് പണമെത്തുന്നത്. മടിയിൽ കനമില്ലാത്തവന് ആരെയും പേടിക്കേണ്ടതില്ല എന്ന് ഒരിക്കൽ പിണറായി സഖാവ് തട്ടിവിട്ടിരുന്നു. സിറ്റിങ്ങിന് 25 ലക്ഷം ഫീസായി ഈടാക്കുന്ന വക്കീലിനെ തേടി പോയെങ്കിൽ... അപ്പോൾ... മടിയിൽ ലേശം കനമുണ്ട്. അല്ലേ?

**നമ്മുടെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ ക്രിസ്ത്യൻ ആരാധനാലയത്തിൽ വച്ച് ബൈബിൾവചനം പ്രസംഗിച്ചപ്പോൾ കുറെ ക്രിസ്ത്യാനികളുടെ അന്തരംഗം പൂത്തുലഞ്ഞുവത്രേ. അപ്പോളിതാ, അദ്ദേഹം ഗുരുവായൂരപ്പന്റെ ദർശനം വാങ്ങി ഷർട്ടൊന്നുമിടാതെ വരുന്നു! പോരാത്തതിന് മലപ്പുറത്ത് സംഘടിപ്പിച്ച മതയോഗത്തിൽ 'ഞാൻ അറിഞ്ഞ ഖുർആൻ' എന്നും പറഞ്ഞ് ഖുർആനിനെ പുകഴ്ത്തി ഒരു പ്രസംഗവും നടത്തിയിരിക്കുന്നു.**

അല്ല, സതീശൻസാർ, അങ്ങ് ഏത് പുസ്തകമാണ് വിശ്വസിക്കുന്നത്? ബൈബിൾ, ഭഗവത്ഗീത, ഖുർആൻ? അങ്ങ് ആരെയാണ് വിളിച്ചപേക്ഷിക്കുന്നത്? യേശുക്രിസ്തു, ഗുരുവായൂരപ്പൻ, അള്ളാഹു? ഓ... മനസ്സിലായി, മനസ്സിലായി. ഞാനാണ് മണ്ടൻ. അങ്ങ് ക്രിസ്ത്യാനിയുമല്ല, ഹിന്ദുവുമല്ല, മുസ്ലീമുമല്ല. അങ്ങ് രാഷ്ട്രീയക്കാരനാണ്. രാഷ്ട്രീയക്കാരൻ മാത്രമാണ്. രാഷ്ട്രീയക്കാരന് നോട്ടം വോട്ട് ആണ്. അങ്ങനെയുള്ളയാൾ ക്രിസ്ത്യാനിയെ കണ്ടാൽ ക്രിസ്ത്യാനിയെപ്പോലെയും മുസ്ലീമിനെ കണ്ടാൽ മുസ്ലീമിനെപ്പോലെയും പെരുമാറും. സതീശൻസാർ ബൈബിളിലെ കാര്യം പറഞ്ഞുവെന്നും പറഞ്ഞ് സ്തോത്രം പറയുന്ന വിശ്വാസികൾ ഒന്നു ഉണരുമോ? ❍


നിങ്ങൾ ക്രിസ്ത്യാനികൾ വെറും രണ്ടേകാൽ ശതമാനം
ബിജെപിയുടെ മാന്യത കൊണ്ടാണ് നിങ്ങളെ ചുമക്കുന്നത്
ഇയാള് ശശികലടീച്ചറുടെ ആങ്ങളയാണോ?
അല്ലല്ല. പീസി ജോർജ്ജെന്നാ അയാളുടെ പേര്
ഇത് അങ്ങേരുടെ മോനല്ലേ... ഷോൺ എന്നല്ലേ പേര്?
പ്രകാശം പുറപ്പെടുവിക്കുന്നവൻ എന്നർത്ഥം എടുക്കാം
അതെ, മുഖത്ത് നല്ല പ്രകാശം ഉണ്ട്. സ്തോത്രം
വാ തുറന്നാൽ ഇനി അപ്പന്റെ പോലെയാണോ എന്നറിയില്ല
സഭയ്ക്ക് ഞങ്ങളെ വേണ്ടെങ്കിൽ ബിജെപിക്ക് സഭയെയും വേണ്ട
തന്തേടെ മോൻ തന്നെ
മത്ത കുത്തിയാൽ കുമ്പളം ഉണ്ടാകില്ലല്ലോ
ബിഷപ് ഹൗസിൽ ഷോൺജോർജ്ജ് എത്തി ബിഷപിനെ കണ്ടു
അല്പമെങ്കിലും ഉളുപ്പ് ഉണ്ടെങ്കിൽ...
MVS

## ആനുകാലികം

-എംവിഎസ്-

### വനംവകുപ്പ് പഠിക്കുന്നു: കാടിന് താങ്ങാവുന്നതിലും അധികം മൃഗങ്ങളുണ്ടോ?

2026 മെയ് 26 ലെ ഈ പത്രവാർത്ത കണ്ടപ്പോൾ ആദ്യം ചിരിക്കാനാണ് തോന്നിയത്. പിന്നെ ദേഷ്യമാണ് തോന്നിയത്. മനുഷ്യനെയും അവന്റെ വരുമാനമാർഗ്ഗത്തെയും അവന്റെ വീടുകളെയും ആക്രമിച്ച് നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളെ തടയുവാനോ ഈ പ്രശ്നങ്ങൾക്ക് ഫലകരമായ പരിഹാരം ഉണ്ടാക്കാനോ ശ്രമിക്കാതെ, ആർക്കും ഒരു ഉപകാരവുമില്ലാത്ത പഠനത്തിനൊരുങ്ങുന്നു!

ഇതിന്റെ പേരിൽ ആർക്ക് എന്തുപകാരം? ഈ പഠനത്തിനായി കുറെ ലക്ഷങ്ങൾ ചെലവഴിച്ച്, തടിച്ചുകൊഴുക്കേണ്ടവർക്ക് അതിനുള്ള അവസരം ഒരുങ്ങുന്നു എന്നല്ലാതെ എന്താണ് ഈ അന്വേഷണം കൊണ്ടുള്ള പ്രയോജനം? മൃഗങ്ങൾ എന്തുകൊണ്ട് കാട്ടിൽനിന്ന് നാട്ടിലേക്ക് ഇറങ്ങുന്നു എന്നതാണ് വനംവകുപ്പ് അന്വേഷിക്കാൻ തുടങ്ങുന്നത്.

എന്റെ വനംവകുപ്പേ, ഇതിലൊക്കെ എന്താ ഇത്ര അന്വേഷിക്കാനും പഠിക്കാനും ഉള്ളത്? സ്കൂൾകുട്ടികളോട് ചോദിച്ചാൽ അവർ നിങ്ങൾക്കു പറഞ്ഞുതരില്ലേ? കാട്ടിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഉപദ്രവമുണ്ടാക്കുന്ന വന്യജീവികളെ കൊല്ലാൻ പാടില്ല എന്ന വിചിത്രമായ നിയമം ഇതൊക്കെയാണ് കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാനുള്ള യഥാർത്ഥ കാരണങ്ങൾ. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇക്കാര്യം പഠിക്കാനാണ് പുത്തകോം പേനേം ആയി ഫോറസ്റ്റേമാന്മാർ ലക്ഷങ്ങൾ ചെലവഴിച്ച് ഇറങ്ങുന്നത്.

ഈ അന്വേഷണത്തിന് എത്ര കൊല്ലം എടുക്കുമോ, എന്തോ? കാട്ടുമൃഗങ്ങളുടെ ഒരു ഭാഗ്യം! ഈ അന്വേഷണത്തോട് അവറ്റകൾ സഹകരിച്ചാൽ മതിയായിരുന്നു. വനംവകുപ്പിന്റെ പഠനം പൂർത്തിയാകുന്ന ആ സുദിനത്തിനായി കർഷകർക്കും മറ്റുള്ളവർക്കും കാത്തിരിക്കാം. അതുവരെ എല്ലാവരും ക്ഷമിക്കുക. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുമ്പോൾ വിഷമിക്കേണ്ടതില്ല; വനം വകുപ്പ് പഠിക്കുന്നുണ്ടല്ലോ. കാട്ടുമൃഗങ്ങൾ ആളെ കൊന്നാൽ ബഹളം വയ്ക്കേണ്ടതില്ല; കാരണം വനംവകുപ്പ് പഠിക്കുകയല്ലേ? അവരുടെ പഠനം പൂർത്തിയാകുന്നതോടുകൂടി കാട്ടുമൃഗങ്ങൾ മര്യാദയ്ക്കാരായി മാറും! ❍

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V